"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 2025-26 സാമ്പത്തിക വർഷത്തിൽ നൂറിൽ കുറയാത്ത തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് ഉത്സവ ബത്ത/പ്രത്യേക പാരിതോഷികമായി ₹1200/- വീതം അനുവദിച്ച് ഉത്തരവാകുന്നു

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി.)വകുപ്പ്**

സ.ഉ.(സാധാ) നം.1546/2026/LSGD തീയതി,തിരുവനന്തപുരം, 17-08-2026

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടറുടെ 27.07.2026ലെ LSGD/PD/27152/2025-DPLD3 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ, മുൻ സാമ്പത്തിക വർഷങ്ങളിൽ 100 ദിവസത്തിൽ കുറയാതെ തൊഴിലെടുത്ത കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് ഉത്സവ ബത്ത/പ്രത്യേക പാരിതോഷികം അനുവദിച്ചു വരുന്നുണ്ട്. 2025-26 സാമ്പത്തിക വർഷം പദ്ധതിയ്ക്ക് കീഴിൽ 100 തൊഴിൽ ദിവസം പൂർത്തിയാക്കിയ 7089 കുടുംബങ്ങൾക്കും മുൻ വർഷങ്ങളിലെപ്പോലെ പ്രത്യേക പാരിതോഷികം അനുവദിക്കണമെന്ന് പരാമർശം കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി..

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 100 ദിവസത്തിൽ കുറയാതെ തൊഴിലെടുത്ത എല്ലാ കുടുംബങ്ങൾക്കും ₹1200/- (ആയിരത്തി ഇരുന്നൂറ് രൂപ മാത്രം) വീതം ഓണത്തോടനുബന്ധിച്ച് ഉത്സവ ബത്ത/പ്രത്യേക പാരിതോഷികമായി അനുവദിച്ച് ഉത്തരവാകുന്നു. ഇതിലേക്കാവശ്യമായ ₹85,06,800/- നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 2217-80-800-76 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

3. ഉത്സവ ബത്ത/പ്രത്യേക പാരിതോഷികം ലഭിക്കുന്ന കുടുംബങ്ങൾ കുറഞ്ഞത് 100 ദിവസം തൊഴിലെടുത്തിട്ടുണ്ടെന്ന് പദ്ധതി രേഖകൾ അടിസ്ഥാനമാക്കി ഉറപ്പ് വരുത്താനാവശ്യമായ നടപടികൾ അർബൻ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

1. അർബൻ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്.
2. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്.
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
6. ധനകാര്യ (ഡെവലപ്മെന്റ്) വകുപ്പ്
   **(17.08.2026 ലെ 3594400/DEV-2/178/2026-FIN**
7. ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ, തിരുവനന്തപുരം.
8. വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
9. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Digitally signed by
Preetha P R
Date: 17-08-2026
18:18:10

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.